# മതഭ്രാന്തിന്റെ ചങ്ങലക്കണ്ണികൾ

## സമാധാനത്തിന്റെ മതമായ ഇസ്ലാമിന്റെ പേരിൽ താലിബാൻ അഴിച്ചുവിടുന്നത് കുഞ്ഞുങ്ങൾക്കുപോലും വിടുതിയില്ലാത്ത ഹിംസയുടെ പാഠങ്ങൾ

■ **മുസാഫിർ**

**വെ**ളിച്ചമെത്തി നോക്കാത്ത, നിവർന്നു നിൽക്കാൻ പോലുമാകാത്ത കുടുസ്സുമുറിക്കകത്ത് മുട്ടിലിഴഞ്ഞ് മുപ്പത് നാളത്തെ കഠിനജീവിതം– തിന്നാനും കുടിക്കാനും നൽകാതെ കഠോര പരീക്ഷണത്തിനു വിധേയമാക്കി അമ്പത്തിമൂന്നു കുട്ടികളെ ചങ്ങലയ്ക്കിട്ടു ക്രൂരമായി പീഡിപ്പിച്ച പാകിസ്ഥാനിലെ മുല്ലമാർ.

കുടിക്കാൻ വെള്ളം ചോദിച്ചപ്പോൾ വായിലേക്ക് മൂത്രമൊഴിച്ചുതന്ന ഉസ്താദ്. ദാഹവും വിശപ്പും സഹിക്കാൻ നീ ശീലിക്കണം. നാളെ നീ അതിർത്തിയിൽ യുദ്ധത്തിനു പോകേണ്ടവനാണ്. ജിഹാദിനു തയാറെടുക്കേണ്ടവൻ. രക്തസാക്ഷിയായി സ്വർഗ്ഗസ്ഥനാകേണ്ടവൻ. പട്ടിണി എന്തെന്ന് നീയറിയണം. ഇവിടത്തെ ട്രെയിനിംഗ് തീർന്നാൽ നീ താലിബാന്റെ പടയാളിയായി മാറണം.

ഇങ്ങനെ ആക്രോശിച്ചാണ് മുല്ലമാർ മർദ്ദിച്ചത്. ദേഹം മുഴുവൻ മുറിവുകളുമായി അബ്ദുൽ മന്നാൻ എന്ന പതിനാലുകാരൻ പാകിസ്ഥാനിലെ ജിയോ ടി.വിക്കു മുമ്പിൽ തന്റെ കഥ പറഞ്ഞു. കാലിൽ ചങ്ങലയ്ക്കിട്ട വടുക്കൾ തടവി ഭയം നിറഞ്ഞ കണ്ണുകളുമായി പൊട്ടിക്കരഞ്ഞു കൊണ്ടാണ് ആ ബാലൻ കറാച്ചി സക്കരിയാ മദ്രസയിലെ പീഡാനുഭവങ്ങൾ അയവിറക്കിയത്. അബ്ദുൽ മന്നാനോടൊപ്പം അമ്പത്തിരണ്ടു കുട്ടികളേയും മദ്രസയ്ക്കു പിന്നിലെ ഇരുൾമുറിയിലാണ് ചങ്ങലയിൽ പൂട്ടിയിരുന്നത്. പൊലീസെത്തി ഇവരെ മോചിപ്പിച്ചപ്പോഴാണ് താലിബാനുകളുടെ ഈ ക്രൂരത പുറംലോകമറിഞ്ഞത്.

ഗ്വാണ്ടിനാമോ തടവറയിലെ മർദ്ദനമുറകളെ നിശിതമായി വിമർശിക്കുന്ന താലിബാനുകളും മറ്റ് ഇസ്ലാമിക തീവ്രവാദി ഗ്രൂപ്പുകളും അവരുടെ ഒളിമാളത്തിൽ നടന്ന ഈ കിരാതത്വത്തിനെതിരെ ഇതുവരെ പ്രതികരിച്ചു കണ്ടില്ല. തീവ്രവാദ പരിശീലനത്തിനായി പാകിസ്ഥാന്റെ വിവിധ ഭാഗങ്ങളിൽ നിന്നു പിടിച്ചുകൊണ്ടു വന്ന ദരിദ്രബാലന്മാരായിരുന്നു ഈ അമ്പത്തിമൂന്നു പേരുമെന്ന് അധികൃതർ വ്യക്തമാക്കി. സിന്ധ് പൊലീസിനു ലഭിച്ച രഹസ്യവിവരത്തെത്തുടർന്നാണ് മദ്രസാ കെട്ടിടത്തിൽ റെയ്ഡ് നടന്നത്.





**അദ്ധ്യയനവുമായി ബന്ധപ്പെട്ട മാതൃകാപരമായൊരു മനോഹരപദമാണ് താലിബാൻ. പക്ഷേ, മനുഷ്യൻ മനുഷ്യനെ നിർദ്ദാക്ഷിണ്യം ചുട്ടെരിക്കുകയെന്ന ഹിംസയുടെ പാഠമാണ് മുല്ലമാർ കൗമാരമനസ്സുകളിൽ കുത്തിവയ്ക്കുന്നത്**

മതപാഠനത്തിന്റെ മറവിൽ അഫ്ഗാനിസ്ഥാനിലെ പോരാട്ടത്തിൽ പങ്കാളികളാകാൻ കുട്ടികളെ പരിശീലിപ്പിക്കുന്ന നിരവധി കേന്ദ്രങ്ങളുണ്ട്, പാകിസ്ഥാനിൽ. താലിബാൻ നേതാക്കളുടെ ആജ്ഞയനുസരിക്കാൻ സന്നദ്ധമാകാത്ത കുട്ടികളെ തല കീഴായി കെട്ടിത്തൂക്കി അതികഠിനമായ മർദ്ദനമുറകൾക്ക് വിധേയമാക്കിയിരുന്നതായി ബന്ധനമുക്തരായ കുട്ടികൾ അധികൃതരോട് പറഞ്ഞു. പാക് മാദ്ധ്യമങ്ങൾ പ്രശ്നം ഏറ്റെടുത്തതോടെ സംഭവത്തെക്കുറിച്ച് വിശദമായി അന്വേഷിക്കുമെന്ന് ആഭ്യന്തരമന്ത്രി റഹ്മാൻ മാലിക് ഉറപ്പ് നൽകിയിട്ടുണ്ട്. ഇത് പക്ഷേ, ഒറ്റപ്പെട്ട സംഭവമല്ലെന്നും പുറത്തറിയാത്ത നിരവധി രഹസ്യകേന്ദ്രങ്ങളിൽ കൗമാരക്കാരെ താലിബാൻ സേനയിലേക്ക് റിക്രൂട്ട് ചെയ്യുന്നതിനുള്ള പരിശീലനത്തിനു വേണ്ടി താമസിപ്പിച്ചിട്ടുണ്ടെന്നും മാദ്ധ്യമങ്ങൾ വ്യക്തമാക്കി. താലിബാൻ കമ്മാണ്ടർമാരാണ് ട്രെയിനിംഗ് ക്യാമ്പുകൾക്ക് നേതൃത്വം നൽകുന്നത്. മതപാഠനത്തിനെന്ന വ്യാജേന രക്ഷിതാക്കളുടെ അനുവാദത്തോടെയും കുട്ടികളെ തീവ്രവാദ പരിശീലനത്തിനു കൊണ്ടു പോകുന്നുണ്ടത്രേ. എന്നാൽ കുട്ടികളുമായി ബന്ധപ്പെടാൻ രക്ഷിതാക്കളെ പിന്നീട് സമ്മതിക്കാറില്ല. മയക്കുമരുന്നിന് അടിമകളായ കുട്ടികളെ പുനരധിവസിപ്പിക്കുന്നതിന്റെ പേരിൽ താലിബാന്റെ സൈനിക താവളങ്ങളിലേക്ക് വ്യാപകമായി പിടിച്ചുകൊണ്ടു പോകുന്നതായുള്ള വിവരവും അധികൃതർക്ക് ലഭിച്ചിട്ടുണ്ട്.

## ഹിംസയുടെ പാഠങ്ങൾ

അഫ്ഗാനിസ്ഥാനിലെ സോവ്യറ്റ് അധിനിവേശകാലത്താണ് താലിബാനുകൾ ശക്തി പ്രാപിച്ചത്. മദ്ധ്യേഷ്യയിലേക്ക് ഒരു വ്യാപാരപാത എന്ന നിലയ്ക്ക് താലിബാനുകളുടെ നീക്കത്തെ ഉപയോഗിക്കാമെന്ന് പാകിസ്ഥാനും കണക്കു കൂട്ടിയിരുന്നു. അതുകൊണ്ടു തന്നെ താലിബാന്റെ അതിതീവ്ര നയങ്ങൾ ഒരേസമയം പാകിസ്ഥാനിലും അഫ്ഗാനിസ്ഥാനിലും വേരുപിടിച്ചു. പാകിസ്ഥാന്റെ വടക്കു പടിഞ്ഞാറൻ അതിർത്തിയിലെ ഗോത്രവിഭാഗങ്ങളുടെ ആഭ്യന്തര സംഘർഷം മുതലെടുത്താണ് താലിബാൻ വളർച്ച പ്രാപിച്ചത്. പെഷവാർ മേഖലയിലെ പഷ്ത്തു ഭാഷ സംസാരിക്കുന്ന സുന്നി മുസ്ലിങ്ങളായിരുന്നു താലിബാന്റെ മുഖ്യ അടിത്തറ. പാക് സേനാവ്യൂഹത്തിലേയ്ക്ക് നുഴഞ്ഞുകയറിയ ഇവർ മുജാഹിദുകൾ എന്ന പേരിൽ സോവ്യറ്റ് പടയ്ക്കെതിരായ പോർമുഖത്തെ കുന്തമുനകളായി. ആയിടയ്ക്കാണ് സുഡാനിൽ നിന്ന് സായുധ പരിശീലനം പൂർത്തിയാക്കി ഒസാമ ബിൻ ലാദൻ താലിബാനുകളുടെ ആചാര്യനായി അഫ്ഗാനിൽ വിമാനമിറങ്ങുന്നത്. താലിബാൻ നേതാവ് മുല്ലാ മുഹമ്മദ് ഒമർ ബിൻലാദനെ രാജോചിതമായി വരവേറ്റു. അൽഖയ്ദ ഭീകരസംഘടനയുടെ വിത്ത് പാകിയ ബിൻലാദൻ പിന്നീട് തന്റെ തീവ്രവാദ ക്യാമ്പുകൾ അഫ്ഗാന്റേയും പാകിസ്ഥാന്റേയും വിവിധ ഭാഗങ്ങളിൽ വിപുലീകരിച്ചു.

മുല്ലാ ഉമറും ഷാ മസൂദും പോയി, റബ്ബാനി വീണു, ബിൻ ലാദനെ കടൽമൽസ്യങ്ങൾ വിഴുങ്ങിക്കാണണം– ബാക്കിയുള്ളതെല്ലാം ചരിത്രം. പിഞ്ചിലേ പിടി കൂടുക എന്ന സിദ്ധാന്തമനുസരിച്ച് വിദ്യാർഥികൾക്കിടയിൽ തീവ്രവാദത്തിന്റെ വിത്തെറിഞ്ഞ് അവരെ ആയുധവൽക്കരിക്കുന്നതിൽ ബിൻലാദൻ കാണിച്ചുകൊടുത്ത കുൽസിത മാർഗമാണ് അവശിഷ്ട താലിബാനുകൾ പാകിസ്ഥാനിലെ പാവപ്പെട്ട വിദ്യാർഥികൾക്കു നേരെ സ്വീകരിക്കുന്നത്.

അദ്ധ്യയനവുമായി ബന്ധപ്പെട്ട മാതൃകാപരമായൊരു മനോഹരപദമാണ് താലിബാൻ. പക്ഷേ, മനുഷ്യൻ മനുഷ്യനെ നിർദ്ദാക്ഷിണ്യം ചുട്ടെരിക്കുകയെന്ന ഹിംസയുടെ പാഠമാണ് മുല്ലമാർ കൗമാരമനസ്സുകളിൽ കുത്തിവയ്ക്കുന്നത്. ഇവരാണ് പ്രാർഥനയിലേർപ്പെടുന്ന വിശ്വാസികളുടെ തലയ്ക്ക് മീതെ തീബോംബ് വർഷിക്കുന്നത്. ഇവർ തന്നെയാണ് സ്കൂളുകളും മദ്രസകളും ഭീകരകേന്ദ്രങ്ങളാക്കുന്നതും. ഇതെല്ലാം സമാധാനത്തിന്റെ മതമായ ഇസ്ലാമിന്റെ പേരിലാണ് എന്നതാകട്ടെ, ഏറ്റവും വലിയ വിരോധാഭാസവും. ■